# 13-ാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ:✱212** **01/04/2013-ൽ മറുപടിയ്ക്ക്**

**അതീവ ചൂഷിത ഗോത്ര വിഭാഗങ്ങളുടെ ക്ഷേമത്തിനായി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. എ. കെ. ബാലൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. കെ. കെ. നാരായണൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | അതീവ ചൂഷിത ഗോത്ര വിഭാഗങ്ങളുടെ (പർട്ടിക്കുലർലി വൾനറബിൾ ട്രൈബൽ ഗ്രൂപ്പ്) ക്ഷേമത്തിനായി 13-ാം ധനകാര്യ കമ്മീഷൻ നിർണ്ണയ പ്രകാരമുള്ള 148 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോ; | (എ) | കേരളത്തിലെ ദുർബല ഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി 13-ാം ധനകാര്യ കമ്മീഷൻ പ്രത്യേക അവാർഡ് മുഖേന അനുവദിച്ച 148 കോടി രൂപ വിനിയോഗിച്ച് 2011-12 മുതൽ 2014-15 വരെയുള്ള നാലുവർഷം കൊണ്ട് പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി 37 കോടി രൂപ (37 x 4) വീതം വകയിരുത്തിയിരുന്നു. 2011-12, 2012-13 വർഷങ്ങളിൽ 74 കോടി വകയിരുത്തിയിരുന്നുവെങ്കിലും 2011-12 വർഷം പദ്ധതി പ്രവർത്തനങ്ങൾ പരിശോധിക്കുന്ന സംസ്ഥാനതല എംപവേർഡ് കമ്മിറ്റി 11.55 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിരുന്നത്. 1,77,45,000/- രൂപ പ്രസ്തുത വർഷം (2011-12) ചെലവഴിക്കുകയുണ്ടായി 2012-13-ാം വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 37 കോടിയിൽ 36,93,03,977/- രൂപ ചെലവഴിക്കുകയുമുണ്ടായി വരും വർഷങ്ങളിൽ അവശേഷിക്കുന്ന തുക പൂർണ്ണമായി വിനിയോഗിക്കുവാൻ കഴിയും. |

| | | | |
|---|---|---|---|
| (ബി) | എന്തൊക്കെ പരിപാടികൾക്കാണ് തുക അനുവദിച്ചതെന്നറിയിക്കുമോ; | (ബി) | ചുവടെ ചേർക്കുന്ന പരിപാടികൾ നടപ്പിലാക്കുവാനാണ് തുക അനുവദിച്ചിട്ടുളളത്.<br>i. ഭവന നിർമ്മാണം<br>ii. ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകൽ<br>iii. വൈദ്യുതീകരണം, വനസംരക്ഷണത്തെ കുറിച്ചുള്ള ബോധവൽക്കരണവും പരിശീലനവും (Training and awareness in participatory forest Management)<br>iv. കുടിവെള്ള പദ്ധതികൾ<br>v. റോഡ്<br>vi. മെഡിക്കൽ യൂണിറ്റ്<br>vii. കടാശ്വാസ ഫണ്ട്<br>viii. പെരിപ്പറ്റിക് സെന്ററുകൾ<br>ix. സ്പെഷ്യൽ അംഗൻവാടികൾ<br>x. പി.റ്റി.ജി. ഹെൽത്ത് പ്രമോട്ടർമാരുടെ ഓണറേറിയം.<br>xi. Drug kit<br>xii. Health Camp<br>xiii. ഫുഡ് സപ്പോർട്ട് പ്രോഗ്രാം കടാശ്വാസ പരിപാടികൾ, പ്ലാനിംഗ് ഇംപ്ലിമെന്റേഷൻ & മോണിറ്ററിംഗ്. |
| (സി) | ഈ പരിപാടികൾ നടപ്പിലാക്കാനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; ഈ പദ്ധതികളുടെ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ അറിയിക്കുമോ? | (സി) | 1. പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും ഒരു ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ സുൽത്താൻ ബത്തേരി, മാനന്തവാടി, കൽപ്പറ്റ, കാസർഗോഡ്, നിലമ്പൂർ, പാലക്കാട് എന്നിങ്ങനെ 6 സെക്ടറുകളിലായി 6 സെക്ടറൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. പിവിറ്റിജി ടീം ലീഡറുടെ (ഡപ്യൂട്ടി ഡയറക്ടർ) |

| | | | |
|---|---|---|---|
| | | | ഓഫീസ് കോഴിക്കോട് കിർത്താഡ്സ് ക്യാമ്പസിൽ 2012 ജനുവരിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും, 2011-12 മുതൽ പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്.<br>2. 176 ഹെൽത്ത് പ്രമോട്ടർമാരെ പ്രതിമാസം 4,000/- രൂപ ഓണറേറിയം വ്യവസ്ഥയിൽ പദ്ധതി പ്രവർത്തനങ്ങൾക്ക് സഹായിക്കുവാൻ നിയമിക്കുകയും ചെയ്തു കഴിഞ്ഞു.<br>3. 7175 കുടുംബങ്ങൾക്ക് പ്രതിമാസം ഫുഡ് സപ്പോർട്ട് പദ്ധതി പ്രകാരം ഭക്ഷ്യ ധാന്യങ്ങളും, എണ്ണയും വിതരണം ചെയ്തു വരുന്നുണ്ട്.<br>4. 583 സങ്കേതങ്ങളിലായി 283 ഊരുകൂട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തു കഴിഞ്ഞു.<br>5. വീട്, വീടുകളുടെ പുനരുദ്ധാരണം എന്നിവയ്ക്കായി നടത്തിയ സർവ്വേ പ്രകാരം ഭവനരഹിതരായി കണ്ടെത്തിയ 2342 പേരിൽ നിന്നും നാളിതുവരെയായി 2002 പേർക്ക് വീടുകൾ അനുവദിച്ചു.<br>6. ഭവന പുനരുദ്ധാരണത്തിന് ധനസഹായം അനുവദിക്കേണ്ടവർ 1591 പേരാണെന്നും കണ്ടെത്തിയിട്ടുണ്ട്. ഈ വീടുകളുടെ പുനരുദ്ധാരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ 6 അസിസ്റ്റന്റ് എഞ്ചിനീയർമാരെ കോൺട്രാക്ട് വ്യവസ്ഥയിൽ നിയമിച്ചുകൊണ്ട് റിപ്പയറിംഗ് ജോലികൾ |

| | | | |
|---|---|---|---|
| | | | ക്കുളള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.<br>7. ആരോഗ്യ സംരക്ഷണ പരിപാടികൾക്കു വേണ്ടി അനുവദിച്ച 6 കോടി രൂപ മൊബൈൽ മെഡിക്കൽ യൂണിറ്റുകളിൽ 4 എണ്ണത്തിന്റെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.<br>8. മാരകമായ രോഗങ്ങൾ കണ്ടെത്തുന്നതിന് പ്രത്യേകമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്.<br>9. അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള റോഡുകളുടെ പണിക്ക് വേണ്ടിയുള്ള സർവ്വേ പൂർത്തീകരിക്കുകയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>വിദ്യുച്ഛക്തി, കുടിവെള്ളം, മണ്ണ് സംരക്ഷണം, അംഗനവാടി, സാംസ്കാരിക നിലയം, ചുറ്റുമതിൽ, സംരക്ഷണ ഭിത്തി എന്നീ പദ്ധതികൾ Kerala State Electricity Board, Kerala Water Authority, Soil Conservation, Local Self Government Department എന്നീ വകുപ്പുകൾ മുഖാന്തിരം നടപ്പിൽ വരുത്തുന്നതിന് 34.52 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ